ല്ലം അനുവദിച്ചിട്ടുള്ള സഹായധനം പ്രസ്തുത വിദ്യാർത്ഥികൾക്ക നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) സഹായധനം കൊടുത്തിട്ടുണ്ടെങ്കിൽ ഏതേതു തീയതികളിലാണ് കൊടുത്തിട്ടുള്ളത്;

(ഡി) പ്രസ്തുത ഒരോസ്കൂളിലും എത്ര അധഃകൃതവിദ്യാർത്ഥികൾ വീതം പഠിക്കുന്നുണ്ട്?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഇല്ല.

(ബി) സഹായധനം നൽകുന്നതിലേക്ക ആദ്യമായി അനുവദിച്ചതുക മതിയാകാതെവന്നതിനാൽ പ്രസ്തുതയാവശ്യത്തിനു കൂടുതൽപണം അനുവദിക്കേണ്ടിവന്നു. ഇതിനു അല്പംകാലതാമസം നേരിട്ടിട്ടുണ്ട്. ആവശ്യമുള്ളതുക അനുവദിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ സഹായധനം ബാക്കിയുള്ള സ്കൂൾകൾക്കും ഉടൻകൊടുക്കുന്നതിനു സത്വരനടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) എ യുടെ ഉത്തരംമൂലം ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) പറവൂർ ഇംഗ്ലീഷ് ഹൈസ്കൂളിൽ ൧൧ വിദ്യാർത്ഥികൾ.
വിദ്യാവിലാസിനി ഹൈസ്കൂളിൽ ൧൪ വിദ്യാർത്ഥികൾ.

വിദ്യാഭ്യാസ സഹായം

*൧൧൫൪. (൧൧൨) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അധഃകൃതവിദ്യാർത്ഥികൾക്ക ഈ വിദ്യാഭ്യാസ വർഷാരംഭം മുതൽക്ക പുസ്തകങ്ങളും മറ്റുവിദ്യാഭ്യാസ ഉപകരണങ്ങളും വാങ്ങുന്നതിനു മാരോക്ലാസിലേക്കും കൂട്ടി ഒന്നുക്ക് അനുവദിച്ചിട്ടുള്ള സഹായധനത്തിന്റെ തോതു് എന്തു;

(ബി) വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിൽ പഴയ സംപ്രദായം ഉപേക്ഷിക്കാനുണ്ടായകാരണമെന്തു?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ എൻ. കുഞ്ഞുരാമൻ):

(എ. യും ബി. യും) വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറ് മേശമേൽ വച്ചിരിക്കുന്നു.

(*a*) Educational helps are granted to students belonging to the Backward Communities as follows.—

1. To college students; Besides full fee concession monthly grant of Rs. 45 for boarding expenses wherever hostel accommodation could not be arranged at full Government expenses. In addition to this an initial grant as stated below is given to each student.

Junior Intermediate	..	Rs. 60
Senior Intermediate	..	Rs. 50
Junior B. A.	..	Rs. 70
Senior B. A.	..	Rs. 60

Besides this, the college students are given Laboratory fees, Caution money, Examination fees and for Science students special grants for excursion parties.

LIBRARY ARCHIVES Kerala Legislative Assembly

2. For students studying in the High Schools in addition to full fee concession a grant of Rs. 40 for purchase of books and cloths.

3. For students of the Middle school classes a grant of Rs. 25 for purchase of books and cloths.

4. Backward Communities students of class III and IV of the Malayalam and Tamil schools in the Travancore area have been supplied with readers as usual. The Primary school students of the Cochin area have been given grants at the following rates for purchase of books.—

Classs I	..	Rs. 2—8—0
„ II	..	„ 2—8—0
„ III	..	„ 3—8—0
„ IV	..	„ 4—8—0

(*b*) There is no considerable change in the method of awarding grants. After the integration of Travancore-Cochin a uniform method as far as possible is being tried.

വിദ്യാഭ്യാസ ധനസഹായം

*ക്വ. ൪. (ക്വ. ൩) ശ്രീ. കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വിദ്യാഭ്യാസ സഹായാർത്ഥം അധഃകൃത വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള സഹായധനം ഇനിയും എത്തെല്ലാം സ്കൂളുകളിലാണ് കൊടുക്കാതിരിക്കുന്നത്?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) : (എ) ഏതെല്ലാം സ്കൂളുകളെന്ന സൂക്ഷ്മമായി പറയുവാൻ നിവൃത്തിയില്ല. ഇതിനകം ക്വ ൦൨൨ സ്കൂളുകൾക്ക് സഹായധനം കൊടുത്തുകഴിഞ്ഞു. ബാക്കി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻറ് ഉടനെ കൊടുക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഹോസ്റ്റലുകൾ

*ക്വ ൫. (ക്വ. ൪) ശ്രീ. കെ. കെ. കണ്ണൻ : താഴെ പറയുന്നചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) അധഃകൃത വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയിരുന്ന ഹോസ്റ്റലുകളിൽ എത്രയെണ്ണം നിറുത്തൽ ചെയ്തിട്ടുണ്ട്?

(ബി) അവ എവിടെയെല്ലാമാണ്?

(സി) എന്തു തത്വത്തെ അടിസ്ഥാനമാക്കിയാണ് അവ നിറുത്തൽചെയ്തിട്ടുള്ളത്?

(ഡി) നിറുത്തൽ ചെയ്യപ്പെട്ട ഹോസ്റ്റലുകളിൽ താമസിച്ചിരുന്ന കുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിനുംമറ്റുമായി എന്തു ഏർപ്പാടുകളാണ് ഗവൺമെണ്ട് ഇക്കൊല്ലം ചെയ്തിട്ടുള്ളത്?

വ്യവസായവും, എക്സൈസും, തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): എ. മുതൽ ഡി. വരെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറ് മേശമേൽ വെച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly